**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 753** **29.11.2018 -ൽ മറുപടിയ്ക്ക്**

## ഗേറ്റ്‌വേ ഓഫ് നിലമ്പൂർ പദ്ധതി

ചോദ്യം
ശ്രീ.പി.വി. അൻവർ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വടപുറം പാലത്തിന് സമീപമുള്ള ഗേറ്റ്‌വേ ഓഫ് നിലമ്പൂർ എന്ന നിർദ്ദിഷ്ട പദ്ധതി മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള സാഹചര്യം വിശദമാക്കുമോ; | എ) | ഗേറ്റ് വേ ഓഫ് നിലമ്പൂർ എന്ന ടൂറിസം പദ്ധതി പൂർത്തിയാക്കി മലപ്പുറം ഡിറ്റിപിസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നിലവിൽ ടി പദ്ധതി കെട്ടിടങ്ങൾക്ക് ബിൽഡിംഗ് നമ്പർ , കറണ്ട് കണക്ഷൻ ഇവ ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ഘടകമായ ബങ്കുകൾ ടെൻഡർ ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതിക്കായി ആകെ എത്ര രൂപയാണ് ചെലവഴിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) | പദ്ധതിക്കായി 97,79,179 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ആയത് പദ്ധതി പ്രവർത്തനത്തിനായി നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; നിർമ്മാണ തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി കെട്ടിടങ്ങൾക്ക് ബിൽഡിംഗ് നമ്പർ, കറണ്ട് കണക്ഷൻ ഇവ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ഘടകമായ ബങ്കുകൾ ടെൻഡർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ